പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 91* 29.09.2011 ൽ മറുപടിക്ക്

# റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പു മന്ത്രി) |
| (എ)സംസ്ഥാനത്തെ റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ എന്തു നടപടി ആണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള റോഡുകൾ മിക്കതും ശാസ്ത്രീയമായി സംവിധാനം ചെയ്തതോ, ബലവത്തായ അടിത്തറ ഉള്ളതോ അല്ല എന്നത് ഒരു വസ്തുതയാണ്. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് മുഖേനയും കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയും അടുത്തകാലത്ത് നിർമ്മിച്ച റോഡുകൾ ഒഴിച്ചു നിർത്തിയാൽ മറ്റു റോഡുകളൊന്നും തന്നെ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന നിലവാര ത്തിൽ നിർമ്മിക്കുന്നവയല്ല എന്നതിനാലാണ് റോഡുകൾ വേഗം തന്നെ തകരുന്നതിന്റെ പ്രധാന കാരണം. എന്നിരുന്നാലും റോഡുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി മഴക്കാലത്തിനു മുൻപ് റോഡിലെ വശങ്ങളിലെ ഓടകൾ വൃത്തിയാക്കുകയും കലുങ്കുകളും മറ്റും വൃത്തിയാക്കി മഴ വെള്ളം ഒലിച്ചു പോകുന്നതിന് തയ്യാറാക്കുകയും റോഡിലെ കുഴികളും മറ്റും അടയ്ക്കുകയും ചെയ്യുന്ന മഴക്കാല പൂർവ്വ പ്രവൃത്തികളും മഴക്കാലം മാറുന്നതോടെ റോഡിന്റെ ഉപരിതലത്തിലുണ്ടാകുന്ന |

കുഴികളും മറ്റും അടച്ച് ഉപരിതലം പുതുക്കുന്ന പ്രവൃത്തികളും നടത്തി റോഡുകളുടെ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന അപാകതകൾ ഒഴിവാ ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുതുതായി സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) നിർമ്മാണ പ്രവൃത്തികളിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണ പ്രവൃത്തികൾ അതാതു അസിസ്റ്റന്റ് എഞ്ചിനീയറുടെ പൂർണ്ണ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കുന്നത്. പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിലെ ചീഫ് ടെക്നിക്കൽ എക്സാമിനറെ കാലേകൂട്ടി അറിയിക്കുകയും അവരുടെ ഭാഗത്ത് നിന്നും മിന്നൽ പരിശോധനകളും മറ്റും നടത്തുന്നത് വഴിയും ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും സൈറ്റ് പരിശോധന നടത്തുകയും പ്രവൃത്തികളിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. കൂടാതെ ചീഫ് എഞ്ചിനീയർ, നിരത്തു വിഭാഗം എല്ലാ പ്രധാനപ്പെട്ട പ്രവൃത്തികളുടെയും നിർമ്മാണ സമയത്ത് സൈറ്റ് ഇൻസ്പെക്ഷൻ നടത്തി പ്രവൃത്തിയുടെ ഗുണനിലവാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു വരുന്നു. കൂടാതെ കെ.എച്ച്.ആർ.ഐ. ജോയിന്റ് ഡയറക്ടറോട് പ്രവൃത്തികൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന് കിഴിലുള്ള റോഡുകൾ പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമാകുന്ന മൊത്തം തുകയും ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയും വിശദമാക്കാമോ ;

(സി) പൂർണ്ണമായ തോതിൽ അറ്റകുറ്റപ്പണികൾക്കായി സംസ്ഥാന പൊതുമരാമത്തു വകുപ്പിനു കീഴിൽ നിലവിലുള്ള റോഡുകൾക്ക് വർഷത്തിൽ ഏകദേശം 1442.00 കോടി രൂപയും പുതുതായി ഏറ്റെടുക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 8570 കി.മീ. ഗ്രാമീണ റോഡുകൾക്കായി 650 കോടി രൂപയും ആവശ്യമുണ്ട്. ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ 470.00 കോടി രൂപ വകയിരുത്തിയതിനു പുറമേ ശബരിമല റോഡുകൾക്കായി 63.60 കോടി രൂപയും മരാമത്ത് വകുപ്പ് റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണികൾക്കായി 314.50 കോടി രൂപയും ഉൾപ്പെടെ 848.10 കോടി രൂപയും സംസ്ഥാനത്തെ 5 കോർപ്പറേഷനുകളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് മുഖേന ഒറ്റത്തവണ മെയിന്റനൻസിനായി 157.96 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പുറമെ ദേശീയപാതയുടെ അറ്റകുറ്റപണികൾക്കായി 20.69 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി)എപ്പോൾ നിർണ്ണയിക്കപ്പെട്ട നിരക്കുകൾക്കനുസൃതമായിട്ടാണ് ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്; ഇപ്പോഴത്തെ വിലസൂചികയനുസരിച്ചുള്ള നിരക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ?

(ഡി) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 470 കോടി രൂപയുടെ പ്രവൃത്തികൾക്ക് 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. 2010 ലെ ഷെഡ്യൂൾ നിരക്കുകൾ വീണ്ടും 03,09.2011 ലെ ജി.ഒ. (ആർ.ടി) 1151/2011/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം വീണ്ടും പുതുക്കി നിശ്ചയിച്ചു ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ